**ഇന്ത്യ- ചൈന അതിർത്തികാര്യങ്ങൾക്കുള്ള ചർച്ച- സഹകരണ പ്രവർത്തന സംവിധാനത്തിന്റെ യോഗം**

ഒക്ടോബർ 17, 2014

ഇന്ത്യ- ചൈന അതിർത്തികാര്യങ്ങൾക്കുള്ള ചർച്ച- സഹകരണ പ്രവർത്തന സംവിധാനത്തിന്റെ യോഗം ന്യൂഡെൽഹിയില് ഒക്ടോബര് 16 , 17 , 2014 തീയതികളില് നടന്നു. ഇന്ത്യയുടെ പ്രതിനിധികളെ ജോയിന്റ് സെക്രട്ടറി (കിഴക്കേഷ്യ) ശ്രീ പ്രദീപ് കുമാർ റാവത്ത് നയിച്ചു. സംഘത്തിൽ കേന്ദ്ര വിദേശകാര്യ , പ്രതിരോധ, ആഭ്യന്തര മന്ത്രാലയങ്ങൾ , ഇന്ത്യൻ സേന, ഇന്തോ-ടിബറ്റ് ബോർഡര് പോലീസ് എന്നിവിടങ്ങളുടെ പ്രതിനിധികളും ഉൾപ്പെട്ടിരുന്നു. ചൈനയുടെ പ്രതിനിധി സംഘത്തെ, അതിർത്തി-സമുദ്രകാര്യ വകുപ്പ് - വിദേശകാര്യ മന്ത്രാലയം , ഡയറക്ടർ ജനറല് , ശ്രീ ഒയാങ് യൂജിങ് നയിച്ചു. വിദേശകാര്യ മന്ത്രാലയം , ദേശീയ പ്രതിരോധ കാര്യാലയങ്ങളിലെ പ്രതിനിധികൾ ചൈനയുടെ സംഘത്തിൽ ഉൾപ്പെട്ടിരുന്നു
വളരെ തുറന്ന രീതിയിലും നിർമാണാത്മകവുമായ രീതിയിലും ആയിരുന്നു ചർച്ചകള് നടന്നത് . പടിഞ്ഞാറൻ മേഖലയിൽ അടുത്തയിടെ നടന്ന തടസ്സം വിജയകരമായ പര്യവസാനം കണ്ടതിനെ തുടർന്നു അതിർത്തി മേഖലകളില് ശാന്തിയും സമാധാനവും കാത്തുസൂക്ഷിക്കുവാൻ ഉചിതമായ വിഷയങ്ങളെ കുറിച്ച് ഇരു വിഭാഗവും ചർച്ച ചെയ്തു. കൂടുതൽ വിശ്വാസ നിർമാണ നടപടികള് സ്വീകരിക്കാനുള്ള പൊതുസമ്മതത്തിൽ ഇരു വിഭാഗവും എത്തിച്ചേരുകയും അവ ഏറ്റവും നേരത്തെ തന്നെ നടപ്പിലാക്കാമെന്നും അവർ തീരുമാനിച്ചു. മറ്റ് വിഷയങ്ങൾക്കൊപ്പം , രണ്ടു സേന ആസ്ഥാനങ്ങളുടെയും ഇരു വിഭാഗങ്ങളുടെയും

സൈന്യതലവൻമാര് എന്നിവരുടെയും കൃത്യമായ ചർച്ചകള് , കൂടുതൽ ഉദ്യോഗസ്ഥ തല ചർച്ചാ വേദികള് , പരസ്പരം തീരുമാനിക്കപ്പെട്ട ഇടങ്ങളിൽ ഇരു വിഭാഗങ്ങളിലെയും പ്രധാന തസ്തികകൾ തമ്മില് ടെലികമ്മ്യൂണിക്കേഷന് ബന്ധങ്ങൾ , എന്നിവ അടക്കമുള്ള നടപടികൾ ഇതില് ഉൾപ്പെടും . അതിർത്തിയില് ഉണ്ടാകുന്ന അവസ്ഥകളെ നിയന്ത്രിക്കുവാൻ പാകത്തില് ഈ നടപടികള് സമയബന്ധിതമായി, കാര്യക്ഷമമായി നടപ്പാക്കുമെന്ന് പ്രതീക്ഷിക്കുന്നു .

ഈ സംവിധാനത്തിന്റെ പ്രാധാന്യം ഇരു ഭാഗങ്ങളും ഊന്നിപറഞ്ഞു. അതിർത്തികാര്യ നടത്തിപ്പിന് ഇതൊരു പ്രാഥമിക സംവിധാനം ആയി മാറിയിട്ടുണ്ട് എന്നു അവര് സമ്മതിച്ചു .
പ്രവർത്തന സംവിധാനത്തിന്റെ അടുത്ത യോഗം പരസ്പരം സൌകര്യമുള്ള തീയതിയിൽ സംഘടിപ്പിക്കും .

ന്യൂഡെൽഹി
ഒക്ടോബർ 17, 2014